**ഡയറ്റ്,തൃശ്ശൂർ**

**PEACE 2014**

# ഓണത്തുമ്പികൾ

**(സർഗാത്മക രചനകളുടെ സമാഹാരം)**

## <u>ആമുഖം</u>

ക്ലാസ് മുറികളിൽ കുട്ടികളുടെ സർഗാത്മക രചനകൾ രൂപപ്പെടുത്തുന്നതിൽ ഒട്ടനവധി അവസരങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ഈ പ്രവർത്തനങ്ങളെ ചിട്ടയോടെയും ഭംഗിയോടെയും പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരവും സൃഷ്ടിക്കേണ്ടതുണ്ട്.

കുട്ടികളുടെ രചനകൾ മെച്ചപ്പെടുത്തി അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിന് ലക്ഷ്യംവെച്ചുകൊണ്ടാണ് 'ഓണത്തുമ്പികൾ' 2014 എന്ന ആശയം മുന്നോട്ടു വെയ്ക്കുന്നത്. ഓരോ വിദ്യാലയവും തങ്ങളുടെ പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തി ഈ ഉദ്യമത്തിൽ പങ്കാളികളാകുമല്ലോ....

## <u>ഉദ്ദേശ്യങ്ങൾ</u>

- ഓണത്തെക്കുറിച്ചുള്ള ഐതിഹ്യവും ഓണാനുഭവങ്ങളും കുട്ടികൾ മനസ്സിലാക്കുന്നതിന്.
- ഓണവുമായി ബന്ധപ്പെട്ട രചനകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന്.
- വിവിധ തരം രചനാരൂപങ്ങൾ ആവിഷ്കരിക്കുന്നതിന്.

## <u>പ്രക്രിയ</u>

**2014 സെപ്തംബർ 5 മുതൽ ഒക്ടോബർ 2 വരെയുള്ള ഒരു പ്രവർത്തന പദ്ധതിയാണിത്.**

സെപ്തംബർ 5 ന് ഓണാഘോഷത്തോടനുബന്ധിച്ച് അധ്യാപിക കുട്ടികളുമായി ഓണത്തെക്കുറിച്ച് ചർച്ചയിൽ ഏർപ്പെടാനുള്ള അവസരം ഉണ്ടാക്കുന്നു. ഏതൊക്കെ മേഖലയിലാണ് കുട്ടികൾ തങ്ങളുടെ രചന നിർവ്വഹിക്കേണ്ടതെന്ന സൂചനകൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുകയും അതിൽ ഓരോ കുട്ടിയും തനിക്ക് അനുയോജ്യമായവ തെരഞ്ഞെടുക്കുകയും വേണം.

- 1. കുട്ടികൾ തയ്യാറാക്കിയ രചനകൾ ക്ലാസ് തലത്തിൽ ചർച്ച നടത്തി അവതരിപ്പിക്കണം, തുടർന്ന് മെച്ചപ്പെടുത്തുകയും, എഡിറ്റ് ചെയ്ത് മികച്ചവ തെരഞ്ഞെടുക്കുകയും വേണം. പാഠഭാഗത്തിലെ പ്രവർത്തനത്തെ ഓണവുമായി ബന്ധപ്പെടുത്തി നടത്താൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കുട്ടികളെ സ്വതന്ത്ര രചനകളിലേക്ക് നയിക്കാൻ ടീച്ചർ ആവശ്യമായ നിർദേശങ്ങൾ നൽകണം.ചില മാതൃകകൾ നൽകുകയും ആവാം. പത്തു ദിവസത്തെ അവധിക്കാലാനുഭവത്തെ സാഹിത്യാനുഭവമാക്കിമാറ്റാൻ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇങ്ങനെ തയ്യാറാക്കിവരുന്ന രചനകളാണ് ടീച്ചർ പരിശോധിച്ച് മെച്ചപ്പെടുത്തേണ്ടത്. ഈ പ്രക്രിയ ഓരോ ക്ലാസിലും ഭാഷാധ്യാപകരുടെ നേതൃത്വത്തിൽ നടക്കണം. തുടർന്ന് ഓരോ ക്ലാസിലും കൈയെഴുത്ത് മാഗസിൻ രൂപീകരിക്കുന്നു (ചിത്രങ്ങൾ/ കാർട്ടൂണുകൾ തുടങ്ങിയവ ഉൾപ്പെടുത്തണം). ബാലസഭ/ വിദ്യാരംഗം സാഹിത്യവേദിയിൽ 19-9-14 ന് പ്രകാശനം നടത്തുന്നു. ഓരോ ക്ലാസിലും തയ്യാറാക്കിയ കയ്യെഴുത്തു മാസികയുടെ പ്രദർശനവും നടത്തേണ്ടതുണ്ട്.

❖ **“ഓണത്തുമ്പികൾ”** - സ്കൂൾ എഴുത്തുകൂട്ടം (20-9-14) ഓരോ ക്ലാസിൽ നിന്നും രണ്ടോ മൂന്നോ തെരഞ്ഞെടുത്ത രചനകൾ/രചയിതാക്കളുടെ കൂട്ടായ്മ (പരമാവധി 30 കുട്ടികൾ) ഈ കൂട്ടായ്മയിൽ രക്ഷിതാക്കളെയും അമ്മമാരെയും ഉൾപ്പെടുത്തി ഒരു സാഹിത്യകാരന്റെ നേതൃത്വത്തിൽ രചനകളുടെ അവതരണം നടക്കണം തുടർന്ന് മെച്ചപ്പെടുത്തൽ, എഡിറ്റിംഗ് തുടങ്ങിയവ നടത്തണം. വൈവിധ്യമുള്ള രചനകൾ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. തൊട്ടടുത്ത ഹൈസ്കൂളിലെ ഭാഷാധ്യാപകരെ പ്രയോജനപ്പെടുത്താം.

**സെപ്തംബർ 22,23-**തിയ്യതികളിൽ കുട്ടികളുടെ എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് രചനകൾ കണ്ടെത്തി പ്രസീദ്ധീകരണത്തിന് തയ്യാറാക്കണം. (തലക്കെട്ട്, ചിത്രീകരണം, Layout ചിത്രങ്ങൾ തുടങ്ങിയവയിൽ ശ്രദ്ധിക്കണം)

**സെപ്തംബർ 24-27-** തിയ്യതികളിൽ DTP, പ്രിന്റിംഗ് - ആവശ്യമായ കോപ്പികൾ (പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങൾക്കും ഒരു കോപ്പി, സ്കൂളിലെ ഓരോ കുട്ടിക്കും സ്കൂൾ ലൈബ്രറിയിലും കോപ്പികൾ ലഭ്യമാക്കണം. BRC, AEO, DIET എന്നീ സ്ഥാപനങ്ങളിലേക്ക് കോപ്പികൾ ഉറപ്പുവരുത്തണം. പ്രാദേശികമായ സ്പോൺസർഷിപ്പ് പ്രയോജനപ്പെടുത്താം)

**2-10-14** - ഗാന്ധിജയന്തി ദിനത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പൊതുവേദിയിൽ പ്രകാശനം. കുട്ടികളെ അംഗീകരിക്കൽ.

## കുട്ടികൾക്ക് തെരഞ്ഞെടുക്കാവുന്ന മേഖലകൾ (ചാർട്ടിൽ പ്രദർശിപ്പിക്കേണ്ടത്)

| | |
|---|---|
| 1. കഥ<br>2. കവിത<br>3. അഭിമുഖം (പ്രായമുള്ളവർ, സാഹിത്യകാരന്മാർ)<br>4. സംഭാഷണങ്ങൾ (1,2 ക്ലാസിൽ)<br>5. ലഘുനാടകങ്ങൾ<br>6. അനുഭവക്കുറിപ്പ്<br>7. ഐതിഹ്യങ്ങൾ<br>8. ഓണയാത്രകൾ<br>9. ഓണക്കളികൾ<br>10. ലേഖനം (ഓണം അന്നും ഇന്നും) | 11. സിനിമയിലെ ഓണം<br>12. ഓണം - ഓർമ്മകൾ<br>13. ഓണസദ്യ (വൈവിധ്യം /ശാസ്ത്രീയത) -വർണ്ണന, ആസ്വാദനക്കുറിപ്പ്<br>14. പൂക്കളം (ഐതിഹ്യം/പൂക്കളുടെ പ്രാധാന്യം)<br>15. ഓണചൊല്ലുകൾ പ്രയോഗങ്ങൾ<br>16. ഓണക്കാലത്തെ പ്രകൃതി/കാലാവസ്ഥ<br>17. പദശേഖരണം<br>18. ചിത്രരചന/കാർട്ടൂൺ, വാട്ടർകളർ, പെൻസിൽ, ക്രയോൺ |
| ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. | |

പ്രിൻസിപ്പാൾ
ഡയറ്റ്, തൃശ്ശൂർ